"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കാഞ്ഞിരോട് യു.പി. സ്കൂളിലെ സംസ്കൃതം അധ്യാപിക ശ്രീമതി.രാജശ്രീ സി. സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4273/2026/GEDN തീയതി,തിരുവനന്തപുരം, 29-06-2026

---

പരാമർശം:-

1. സ.ഉ (പി.) നം.371/2000/പൊ.വി.വ തീയതി 13.11.2000.
2. സ.ഉ (പി.) നം.220/2010/പൊ.വി.വ തീയതി 04.10.2010.
3. കാഞ്ഞിരോട് യു.പി. സ്കൂളിലെ സംസ്കൃതം അധ്യാപിക ശ്രീമതി.രാജശ്രീ സി. സമർപ്പിച്ച 25.02.2025 - ലെ റിവിഷൻ ഹർജി.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.01.2026 - ലെ DGE/7053/2025-RA5/DGE നമ്പർ കത്ത്.

**ഉത്തരവ്**

കാഞ്ഞിരോട് യു.പി സ്കൂളിൽ 2009-10 അധ്യയന വർഷം മുതൽ ഗ്രൂപ്പ് സി (Group C) ഡൈവർഷൻ വഴി സംസ്കൃതം ഫുൾ ടൈം തസ്തിക അനുവദിക്കണമെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് ലഭിക്കേണ്ട എച്ച്.എം. പ്രമോഷൻ ഉൾപ്പെടെയുള്ള സർവീസ് ആനുകൂല്യങ്ങൾ അനുവദിക്കാൻ കണ്ണൂർ നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നും ആവശ്യപ്പെട്ട് ടി സ്കൂളിലെ സംസ്കൃതം അധ്യാപികയായ ശ്രീമതി.രാജശ്രീ സി പരാമർശം (3) പ്രകാരം റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

2.2009-10 വർഷത്തെ തസ്തിക നിർണ്ണയ വേളയിൽ അഞ്ചാം ക്ലാസ്സിൽ കുട്ടികളുടെ എണ്ണം കുറഞ്ഞതിനെത്തുടർന്ന് യു.പി.എസ്.എ. തസ്തിക നഷ്ടപ്പെട്ടതായും, എന്നാൽ സീനിയോറിറ്റിയും സംരക്ഷണ ആനുകൂല്യങ്ങളും (Protection) പരിഗണിക്കാതെയാണ് മറ്റ് അധ്യാപകരെ നിലനിർത്തിയതെന്നും, ആയതിനാൽ ടിയാൾക്ക് അർഹമായ സംരക്ഷണം നൽകണമെന്നും തസ്തിക നിർണ്ണയ ഉത്തരവിലെ അപാകതകൾ പരിഹരിക്കണമെന്നും റിവിഷൻ ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

3.കാഞ്ഞിരോട് യു.പി. സ്കൂളിൽ ഗ്രൂപ്പ് സി ഡൈവർഷൻ വഴി ഫുൾ ടൈം സംസ്കൃതം തസ്തിക നിലവിലുണ്ടായിരുന്നുവെങ്കിലും, പ്രസ്തുത തസ്തികയിലുണ്ടായിരുന്ന അധ്യാപകൻ 30.04.2002-ൽ വിരമിച്ചതിനെത്തുടർന്ന് കുട്ടികളുടെ കുറവ് മൂലം ആ തസ്തിക റദ്ദാക്കപ്പെട്ടിരുന്നുവെന്നും തുടർന്ന് 2005-

06 വർഷത്തിൽ സ്കൂളിൽ പുതിയതായി ഒരു പാർട്ട് ടൈം സംസ്കൃതം തസ്തിക അനുവദിക്കുകയും, അതിൽ 29.06.2005-ൽ ഹർജിക്കാരിയെ നിയമിക്കുകയും ചെയ്തിരുന്നു.

4.ഗ്രൂപ്പ് സി ഡൈവേർഷൻ വഴി ഫുൾ ടൈം ആനുകൂല്യം ലഭിച്ചുവരുന്ന ഒരു തസ്തികയെ പാർട്ട് ടൈം ആയി തരംതാഴ്ത്താൻ പാടുള്ളതല്ലെന്ന് പരാമർശം (1) ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രൂപ്പ് സി ഡൈവർഷൻ വഴി ഫുൾ ടൈം ആനുകൂല്യം തുടർന്ന് വരുന്ന തസ്തികകൾക്ക് മാത്രമേ പരാമർശം (1), (2) ഉത്തരവുകളുടെ ആനുകൂല്യം ലഭിക്കുകയുള്ളു. കൂടാതെ പരാമർശം (2) ഉത്തരവിൽ, പരാമർശം (1) ഉത്തരവ് പ്രകാരം റദ്ദ് ചെയ്ത ആനുകൂല്യം 2010-11 -ൽ മാത്രം ചുരിക്കിയിട്ടുമുണ്ട്. ടി സ്കൂളിൽ ഗ്രൂപ്പ് സി ഡൈവേർഷൻ വഴി ഫുൾ ടൈം ആനുകൂല്യം ലഭിച്ചിരുന്ന അധ്യാപകൻ 30.04.2002-ൽ വിരമിച്ചതിന് ശേഷം, മേൽ തസ്തിക കുട്ടികളുടെ കുറവ് മൂലം നഷ്ടപ്പെടുകയും, വീണ്ടും 2005-06 ൽ പാർട്ട് ടൈം സംസ്കൃതം തസ്തിക വീണ്ടും അനുവദിക്കുകയുമാണ് ഉണ്ടായത് എന്നതിനാൽ ശ്രീമതി.രാജശ്രീയ്ക്ക് ഗ്രൂപ്പ് സി ഡൈവേർഷൻ വഴി ഫുൾ ടൈം തസ്തിക അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കാനാകില്ലെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

5.സർക്കാർ ടി വിഷയം നിലവിലുള്ള ഉത്തരവുകൾ, ചട്ടങ്ങൾ എന്നിവയുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

6.കാഞ്ഞിരോട് യു.പി. സ്കൂളിൽ ഗ്രൂപ്പ് സി (Group C) ഡൈവേർഷൻ വഴി ഫുൾ ടൈം സംസ്കൃതം തസ്തിക നിലവിലുണ്ടായിരുന്നു. എന്നാൽ പ്രസ്തുത തസ്തികയിൽ ഉണ്ടായിരുന്ന അധ്യാപകൻ 30.4.2002-ൽ വിരമിച്ചതിനെത്തുടർന്ന്, കുട്ടികളുടെ കുറവ് മൂലം ടി തസ്തിക നഷ്ടപ്പെടുകയാണുണ്ടായത്. പിന്നീട് 2005-06 വർഷത്തിൽ സ്കൂളിൽ പാർട്ട് ടൈം (Part-time) സംസ്കൃതം തസ്തിക അനുവദിക്കുകയും, അതിൽ 29.6.2005-ൽ ശ്രീമതി.രാജശ്രീ.സി നിയമിതയാവുകയും ചെയ്തു. പരാമർശം (1) ഉത്തരവ് പ്രകാരം, ഗ്രൂപ്പ് സി ഡൈവേർഷൻ വഴി ഫുൾ ടൈം ആയ ഒരു തസ്തിക പാർട്ട് ടൈം ആയി തരംതാഴ്ത്താൻ പാടില്ല. എന്നാൽ ഈ കേസിൽ, തസ്തിക നേരത്തെ തന്നെ നഷ്ടപ്പെടുകയും പിന്നീട് പുതിയതായി പാർട്ട് ടൈം തസ്തിക അനുവദിക്കുകയുമാണ് ചെയ്തത്. നിലവിൽ തുടർന്നുവരുന്ന തസ്തികകൾക്ക് മാത്രമേ ഫുൾ ടൈം ആനുകൂല്യം തുടരാൻ സാധിക്കൂ. ഹർജിക്കാരിയുടെ നിയമനം പുതിയതായി അനുവദിച്ച പാർട്ട് ടൈം തസ്തികയിൽ ആയതിനാൽ, ഫുൾ ടൈം ആനുകൂല്യത്തിന് ടിയാൾക്ക് അർഹതയില്ല. മേൽ സാഹചര്യത്തിൽ ഹർജിക്കാരി സമർപ്പിച്ച പരാമർശം (3) - ലെ റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ട് റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീമാ മാനുവൽ**

**സ്പെഷ്യൽ സെക്രട്ടറി**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കണ്ണൂർ.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കണ്ണൂർ നോർത്ത്
ശ്രീമതി.രാജശ്രീ.സി, സംസ്കൃതം അദ്ധ്യാപിക, കാഞ്ഞിരോട് യു.പി.സ്കൂൾ, കാഞ്ഞിരോട് പി.ഒ, കണ്ണൂർ - 670592
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Alex G C
സെക്ഷൻ ഓഫീസർ
Date: 30-06-2026 10:55:26